(ബി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(സി) ഇത്തരത്തിൽ മരവിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്ര ;

(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള നയം മാറുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിയാത്ത പദ്ധതി പ്രദേശങ്ങളിലെ പദ്ധതിക്ക് അത്യന്താപേക്ഷിതമായ സ്ഥലങ്ങളൊഴികെ മറ്റുള്ളവ പദ്ധതിക്കനുസൃതമായി വികസിപ്പിച്ചെടുക്കുവാൻ വ്യക്തികൾക്ക് അനുവാദം നൽകുന്നതായിരിക്കും.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ദീർഘകാലമായി ഭൂമി മരവിപ്പിക്കുന്ന നടപടി കൊണ്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏകീകരിക്കുകയെന്നതുതന്നെ പ്രധാന കാരണം.

എം. എൽ. എ. റോഡ് സംവിധാനം

* 124. [126] ശ്രീ. സി. ടി. കൃഷ്ണൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. കെ. പി. അരവിന്ദാക്ഷൻ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, ജി. വരദൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ വർഷവും എം. എൽ. എ.മാർ നിർദ്ദേശിക്കുന്ന രണ്ടു റോഡുകൾ ഏറ്റെടുക്കുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

1982-83-ൽ ആവിഷ്ക്കരിച്ച എം. എൽ എ. മാരുടെ രണ്ടു റോഡു പദ്ധതി പ്രകാരം ഓരോ വർഷവും രണ്ടുറോഡുകൾ വീതം ഏറ്റെടുക്കുന്നതിനുള്ള സംവിധാനമില്ല.

ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

* 125. [128] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ശുദ്ധജലത്തിനു ഗുണ നിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് ഏതെല്ലാം ജില്ലയിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഈ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലുള്ള ഗവൺമെൻറ് അനലിസ്റ്റ് ലബോറട്ടറികളിലും, അലുവായിലുള്ള ജല അതോറിട്ടി ലബോറട്ടറിയിലും, ശുദ്ധജലത്തിൻെറ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഓപ്പൺ സർവ്വകലാശാല

* 126. [129] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, പി. വിജയദാസ് :
,, ആർ. എസ്. ഉണ്ണി :
,, സിറിയക് ജോൺ :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇതിൻെറ ആസ്ഥാനം എവിടെയാണ് ;

(സി) ഈ സർവ്വകലാശാല കൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനുവേണ്ടി വരുന്ന ചെലവെത്ര ;

(ഇ) ഏതെല്ലാം കോഴ്സുകളാണ് ഈ സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം.

(സി) പല കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിട്ടുനിൽക്കേണ്ടിവരുന്നവർക്കും, ഉദ്യോഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വീട്ടമ്മമാർക്കും അനൗപചാരികരീതിയും ഉപയോഗിച്ച് തൊഴിൽ പ്രവർത്തനങ്ങളിലും മറ്റും ഉന്നതവിദ്യാഭ്യാസം നൽകുക എന്നതാണ് തുറന്ന സർവ്വകലാശാല സ്ഥാപിക്കുന്നതിൻെറ പൊതുവായ ഉദ്ദേശം. സാധാരണക്കാരൻെറ അടുത്ത് ഉന്നതവിദ്യാഭ്യാസം എത്തിക്കുക എന്ന പരമമായ ലക്ഷ്യംകൂടി ഇതിൻെറ പിന്നിലുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസത്തിനായി കോളേജിലേക്കുള്ള തിരക്ക് കുറയ്ക്കാനും ഇതു സഹായിക്കും.

(ഡി) പ്രാരംഭ ചെലവുകൾക്കായി പതിനഞ്ചു ലക്ഷം രൂപ വേണ്ടി വരുമെന്നു കണക്കാക്കിയിട്ടുണ്ട്. പ്രതിവർഷം 60 ലക്ഷം രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്.

(ഡി) (1) ബാച്ചലർ ഓഫ് കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (ബി. സി. എ.)
(2) ബാച്ചലർ ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (ബി. പി. എ.)

LIBRARY ARCHIVES Kerala Legislative Assembly